ണന സാദ്ധ്യതകൾ വികസിപ്പിച്ചെടുക്കുന്ന പരിപാടികൾ ജില്ലാ/ ബ്ലോക്ക് തല ങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

14 (3467) സ്വയംതൊഴിൽ പദ്ധതിയിൽ മാറ്റം

ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിലിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെല്ലാം മാറ്റം വരുത്താൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രവിഹിതം നൽകുന്നതിൽ എന്തെ ങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയെ ത്രിതലപഞ്ചായത്തുകളുടെ വാർഷിക പദ്ധതി കളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്ത് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അറി യിക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം മുതൽ സംയോജിത ഗ്രാമവികസന പരിപാടി, ഗ്രാമീണ വനിതാ ശിശുവികസന പരിപാടി, ട്രൈസം കൈത്തൊഴി ലുപകരണ വിതരണ പരിപാടി, ഗംഗാകല്യാൺ യോജന, ദശലക്ഷംകിണർ പദ്ധതി, എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ച് സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന(എസ്.ജി.എസ്.വൈ) എന്നീ പുതിയപദ്ധതി ആവിഷ്കരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളയാളുകൾക്ക് ബാങ്ക് വായ്പയും സഹായധ നവും നൽകി ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനം അടി സ്ഥാന സൗകര്യ വികസനം, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്. ഈ പദ്ധതിക്ക് കേന്ദ്രവിഹിതം 75% സംസ്ഥാനവിഹിതം, 25 % എന്ന അനുപാതത്തിലാണ്.

(സി) ഉണ്ട്.

(ഡി) ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന എല്ലാ കേന്ദ്രാവി ഷ്കൃത പരിപാടികളും വാർഷിക പദ്ധതിയുമായി സംയോജിച്ച് നടപ്പാക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നേരത്തെതന്നെ നൽകിയിട്ടുണ്ട്.

15(3468) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മുന്നുവർഷങ്ങൾക്കുള്ളിൽ കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി മാറ്റുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെയുള്ള പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) നിശ്ചിത കാലാവധിക്കുള്ളിൽ പദ്ധതി ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലായി സമ്പൂർണ്ണ ശുചിത്വം കൈവരിക്കണമെന്ന ലക്ഷ്യത്തോടുകൂടി "സംസ്ഥാന സംപൂർണ്ണ ശുചിത്വ ആരോഗ്യമിഷന്" 30.12.938-ൽ സംസ്ഥാനഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. മിഷന്റെ പ്രവർത്തനം അതിന്റെ പ്രാരംഭദിശയിലാണ്. ഒന്നാം ഘട്ടത്തിൽ 15-30 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും തുടർന്നു രണ്ടാംഘട്ടമായി 150-200 ഗ്രാമപഞ്ചായത്തുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും മൂന്നാംഘട്ടമായി സംസ്ഥാന വ്യാപകമായി കാമ്പയിൻ രൂപത്തിൽ പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കുന്നതിനുമാണ് മിഷൻ ലക്ഷ്യമിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിൽ പ്രവർത്തനം ഏറ്റെടുക്കാനുള്ള പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല. ഒന്നാം ഘട്ടം പ്രവർത്തനം ആഗസ്റ്റ് മാസത്തിൽ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി)&(സി) ഉണ്ട്.

(ഡി) സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷൻ ആവിഷ്കരിച്ചു വരുന്ന പ്രവർത്തന പരിപാടിക്ക് തുക ഇതുവരെ ചെലവായിട്ടില്ല.

16 (3469) തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്ന ബ്ലോക്കുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടപ്പാക്കിവരുന്ന തൊഴിലുറപ്പു പദ്ധതി (ഇ.എ.എസ്) എത്ര ബ്ലോക്കുകളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നു;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പ്രസ്തുത പദ്ധതിമൂലം എത്ര മനുഷ്യപ്രയത്ന ദിനങ്ങൾ സൃഷ്ടിച്ചു;

(സി) 1996-97, 1997-98, 1998-99 വർഷങ്ങളിൽ ഈ പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും നടപ്പിലാക്കിവരുന്നു.

(ബി) 131.75 ലക്ഷം മനുഷ്യ പ്രയത്ന ദിനങ്ങൾ സൃഷ്ടിച്ചു.

LIBRARY ARCHIVES Kerala Legislative Assembly